**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1483** **03.12.2018 ൽ മറുപടിയ്ക്ക്**

**<u>ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കീഴിലുള്ള ഭൂമി</u>**

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ.ടി. വി. ഇബ്രാഹിം**<br>**ശ്രീ.പി.ഉബൈദുള്ള**<br>**ശ്രീ.എൻ .എ.നെല്ലിക്കുന്ന്** | **ശ്രീ.ഇ. ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |

| | | |
|---|---|---|
| (എ) | ഹാരിസൺ മലയാളം ലിമിറ്റഡിന്റെ കീഴിലുള്ള 3800 ഏക്കർ ഭൂമി ഏറ്റെടുക്കാനുള്ള സ്പെഷ്യൽ ഓഫീസറുടെ നടപടി ഹൈക്കോടതിയും സുപ്രീം കോടതിയും റദ്ദാക്കിക്കൊണ്ട് വിധി പ്രസ്താവിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (എ) ഹാരിസൺ മലയാളം ലിമിറ്റഡിന്റെയും അവരിൽ നിന്ന് ഭൂമി വാങ്ങിയവരുടെയും പക്കൽ നിന്നും ഇടുക്കി, കോട്ടയം, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിൽ കൈവശമുള്ള 38,171 ഏക്കർ ഭൂമി ഏറ്റെടുക്കുവാനുള്ള സ്പെഷ്യൽ ഓഫീസറുടെ ഉത്തരവുകൾ ബഹു.ഹൈക്കോടതി റദ്ദ് ചെയ്യുകയും അതിനെതിരെ സുപ്രീം കോടതിയിൽ സർക്കാർ ഫയൽ ചെയ്ത എസ്.എൽ.പി.തള്ളുകയും ചെയ്തിട്ടുണ്ട്. |
| (ബി) | സ്പെഷ്യൽ ഓഫീസറുടെ നടപടി റദ്ദാക്കിയതിന് പ്രസ്തുത കോടതികൾ ചൂണ്ടിക്കാട്ടിയ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) തോട്ട ഭൂമി കൈവശം വച്ചിരുന്ന, എച്ച്.എം.എൽ മുതലായ കമ്പനികൾ വിവിധ അധികാര കേന്ദ്രങ്ങളിൽ നിന്നും ഭൂമി അവരുടേതാണെന്ന് സ്ഥാപിക്കുന്നതിന് അനുകൂലമായി സർട്ടിഫിക്കറ്റുകളും, ഉത്തരവുകളും മറ്റും സമ്പാദിച്ചിരുന്നു. ടി ഉത്തരവുകളും / സർട്ടിഫിക്കറ്റുകളും / ഉടമസ്ഥത അവകാശപ്പെട്ടു കൊണ്ടുള്ള രേഖകളും മറ്റും അസാധുവാണെന്ന് പ്രഖ്യാപിച്ച് ഭൂമി ഏറ്റെടുക്കുന്നതിന് കെ.എൽ.സി ആക്ട് പ്രകാരം നടപടി സ്വീകരിക്കുവാൻ നിയുക്തനാക്കിയിട്ടുള്ള സ്പെഷ്യൽ ഓഫീസർക്ക് അധികാരമില്ല എന്ന നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് പ്രസ്തുത ഏറ്റെടുക്കൽ ഉത്തരവുകൾ ബഹു. ഹൈക്കോടതി റദ്ദാക്കിയിട്ടുള്ളത്. |
| (സി) | വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ താൽപര്യം സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | (സി) ഡിവിഷൻ ബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ വ്യവസ്ഥാപിത മാർഗ്ഗങ്ങളിലൂടെ തുടർ നടപടി സ്വീകരിക്കുന്നതും സിവിൽ കോടതി മുഖേന ഭൂമിയുടെ ഉടമസ്ഥാവകാശം തെളിയിച്ചതിന് ശേഷം ഭൂമി ഏറ്റെടുക്കുന്നതും സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ